# പ്രതികരണങ്ങൾ — 29



പ്രതികരണങ്ങൾ — 29
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XƎTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Sambucus nigra, a photograph by Tau‘olunga. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## സച്ചിദാനന്ദൻ: ദേവര ദാസിമയ്യയുടെ വചനങ്ങൾ

**കെ. സച്ചിദാനന്ദൻ:** ഭട്ടതിരിയുടെ വെളിച്ചം ദാസിമയ്യയുടെ വചനങ്ങളെ, ഇലകളെ സൂര്യനെന്ന പോലെ തിളക്കുന്നു. നന്ദി, സഹോദരാ!

**ടി. ആർ. വേണുഗോപാലൻ:** വചനകാവ്യങ്ങളുടെ സാംസ്കാരിക ഭൂമിക.

ദേവര ദാസിമയ്യയുടെ വചനങ്ങൾ അവയുടെ ഗഹനമായ അന്തഃസാരം, അലൌകികത, അബ്രാഹ്മണീയത എന്നിവകൊണ്ട് ശ്രദ്ധേയമാണ്. ശിവഭക്തിപ്രധാനമായ ഈ വചനങ്ങൾ, ഇതര വചനകാവ്യങ്ങളിലെന്നപോലെ, ബ്രാഹ്മണിക്കൽ ഭക്തി കാവ്യങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ജൈന പാരമ്പര്യവുമായി കൂടുതൽ അടുപ്പമുള്ള വീരശൈവ പ്രസ്ഥാനത്തിന്റെ ഭൂമിക ഡക്കാനിലെ ചാലൂക്യരാജ്യത്തിലാണ്. ജാതി, പൌരോഹിത്യം, ആൺകോയ്മ എന്നിവയിൽ അധിഷ്ഠിതമായ ബ്രാമണിക്കൽ വിശ്വാസങ്ങളെയും നീതിശാസ്ത്രങ്ങളെയും ഇവ പൊളിച്ചടക്കുന്നു. പുതു സ്ത്രീയിടങ്ങളെ സൃഷ്ടിക്കുന്നു എന്നിടത്താണ് വചനകാവ്യങ്ങളുടെ ഉൾക്കരുത്ത്.

പത്താം നൂറ്റാണ്ടിലെ ക്ഷേത്രനഗരമായ മുഡനൂരിൽ ജനിച്ചുവെന്നു കരുതപ്പെടുന്ന ദേവര ദാസിമയ്യ ശിവനെ പ്രാപിക്കുന്നതിനായി സ്വശരീരത്തെ പീഡിപ്പിച്ച് കഠിനതപം ചെയ്യവെ ശിവൻ അദ്ദേഹത്തിനു മുന്നിൽ പ്രത്യക്ഷപ്പെടുന്നു. അദ്ധ്വാനത്തിലൂടെ തന്നിലെത്താമെന്ന് ശിവൻ ഉപദേശിച്ചതിനെ തുടർന്ന് അദ്ദേഹം ഒരു നെയ്ത്തുകാരനായി തുടർജീവിതം നയിച്ചുവെന്നാണ് ഐതീഹ്യം. ഈ ഐതീഹ്യം തന്നെ ഒരു ബ്രാഹ്മണേതര ജൈന പശ്ചാത്തലം സൂചിപ്പിക്കുന്നു. ചാലൂക്യ രാജ്യത്ത് ഒട്ടനവധി ജൈന ക്ഷേത്രങ്ങൾ ശിവക്ഷേത്രങ്ങളായി മാറ്റുന്നത് വീരശൈവരുടെ പ്രവർത്തനത്തെ തുടർന്നാണ്.

ശിവനെ സ്തുതിച്ചുകൊണ്ടു തുടങ്ങുന്ന വചനങ്ങൾക്കു തന്നെ നല്ല തെളിമയും ദാർശനിക ആഴവുമുണ്ട്.

‘നീ നിന്നു പ്രളയത്തിൽ,
നിൻ തോളിൽ നീ താങ്ങി
ഭൂഗോളം, അലിയാതെ
കാത്തു നീയതിനെ.’
‘നീ താങ്ങിനിർത്തി
തുണില്ലാതെയുത്തര-
മില്ലാതെ, വാനിനെ.’

ദൈവത്തെ അറിയുന്നതിന് ഏറ്റവും വലിയ വിഘാതം അറിവില്ലായ്മ തന്നെ:

‘ലൌകികം മായയിൽ
പെട്ട മനുഷ്യനു
ദൈവത്തെയതുപോലെ-
യാവില്ലയറിയുവാൻ.’
‘ആവില്ല ദൈവത്തി-
നവനേയുമറിയുവാൻ.’

അതുപോലെ ഉടലും മനസ്സും തമ്മിലുള്ള വിച്ഛേദം ഈ വചനങ്ങളിലെ ഗഹനതയാണ്:

‘എന്റെയുടലെങ്കിലിതു
പിന്തുടരുകില്ലയോ
എന്റെ മനസ്സിനെ?’
‘നിന്റെ യുടലെങ്കിലിതു
പിന്തുടരുകയില്ലയോ
നിന്റെ മനസ്സിനെ?’

തുടർന്നുള്ള വരികളിലാണ് ഈ വചനങ്ങളുടെ കാമ്പ്:

‘ഈയുടൽ നിന്റെയ,-
ല്ലെന്റെയുമല്ലിത്.
ഹേ രാമനാഥ, ഈ
കത്തുമുലകത്തിനാൽ
നീ പണിതതിച്ചപല
ദുർബ്ബലമാമുടൽ.’
‘ഒരു തീ
വാക്കിൽ, നോക്കിൽ, ചെയ്തിയി-
ലോരോന്നിലുമൊരു തീ
ആണിനും അവന്റെ പെണ്ണിനുമിടയിൽ
ഒരു തീ
കാത്തിരുന്നു തിന്നുതീർത്ത
തീൻ കിണ്ണത്തിൽ ഒരു തീ
നേടിയതിലും പോയതിലും
ഒരു തീ
ഇണചേരുംകാമത്തിൽ
ഒരു തീ
അഞ്ചു തീ നീ തന്നു ഞങ്ങൾ-
ക്കെന്റെ രാമനാഥാ!’

ഇത്തരത്തിൽ സർവ്വവ്യാപിയാണ് വചനങ്ങളിൽ തീ. ലൌകികവും ക്ഷണികവുമായ കാമനകളെ ഇല്ലായ്മ ചെയ്ത് കർമ്മശുദ്ധി വരുത്തുന്നു തീ.

ദാർശനികതയുടെ അഗാധ തലങ്ങളിലേക്കാഴ്ന്നിറങ്ങുന്ന ചില ചോദ്യങ്ങളും വചനങ്ങളിലുണ്ട്.

‘എന്തിനെനിക്കു കഠാരി,
ശിവാ, ഞാ-,
നെന്തിൽ കുത്തും,
എന്തിൽ നിന്നത്
പിന്നെ വലിച്ചൂരും,
നീയല്ലോ സർവ്വരും,
എന്തിനെനിക്കു കഠാരി?’...
‘ഞാൻ നിന്നു കാണുന്നുവെല്ലാം
നിന്നിൽ നിറവു ലോകങ്ങൾ
പിന്നെന്റെ രാമനാഥാ ഞാൻ
എങ്ങിനെ, ആരെ, ദ്രോഹിക്കാൻ?’

ചുരുക്കത്തിൽ സമാധാനത്തിന്റെ വഴികൾ നമുക്കു മുന്നിൽ തുറക്കുകയാണ് ഈ വചനങ്ങൾ. നിന്റെ ഭക്തർക്ക് ഞാനെന്നും ഒരു കവചം; ഞാൻ നിന്റെ വെറുമൊരു ദാസൻ, കവൽക്കാരൻ, അടിമ.

‘നിന്റെ ഭക്തർക്ക് ഞാൻ കാള
നിന്റെ ഭക്തർക്കു ഞാൻ ഭൃത്യൻ
പിന്നെപ്പടിക്കൽ ഞാൻ കാവൽ
നിന്നിടും നായ, അടിമ.’

ഈ ഭൂമി നിന്റെ ദാനം, ധാന്യവും നിന്റെ ദാനം, ഇവിടെ വീശുന്ന തെന്നലും നിൻ ദാനം. ഭൂമിയും പ്രാണനുമുൾപ്പെടെ പ്രപഞ്ചത്തിൽ എല്ലാത്തിലും നീയുണ്ട്. ആദി രഹസ്യവും നീതന്നെ. ആദി രഹസ്യത്തിനെന്റെ പ്രണാമം. തുടർന്നുള്ള വരികൾ ശിവൻ സർവ്വവ്യാപിയെന്ന് സ്ഥാപിക്കുന്നു.

‘ശിവനിൽ ലയിച്ചവർ-
ക്കില്ലാ പുലരികൾ,
ഇല്ലമാവാസി,
ഇല്ലച്ച സംക്രാന്തിയും,
ഇല്ലില്ല പൌർണ്ണമി,
ഇല്ലസ്തമയവും
രാമനാഥാ നിന്റെ
മുറ്റമല്ലാതില്ല
മറ്റൊരു കാശിയും
ദേഹമെന്റേതു,
നിന്റേതാണ് ദേഹി, യെൻ
ദേഹരഹസ്യം നിനക്കറിയാം
നിന്റെ ദേഹിയുടേതെനിക്കും...’

ഇപ്രകാരം ദേഹവും ദേഹിയും അകവും പുറവും ക്ഷണികതയും അനശ്വരതയും ലൌകികവും അലൌകികവുമായ ദ്വന്ദങ്ങളെ മനോഹരമായി പ്രയോഗിച്ചിരിക്കുന്നു, ഈ വചനങ്ങളിൽ.

ദേവര ദാസിമയ്യയുടെ വചനങ്ങളിൽ ഉടലിനെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചയുണ്ട്. പത്താം നൂറ്റാണ്ടിലെ സമൂഹം ഇത്തരത്തിൽ മനുഷ്യശരീരത്തിനെ ചർച്ചാവിഷയമാക്കിയിരുന്നുവെന്നത് അതിശയം തന്നെ. ഉടലിനെ മറയ്ക്കാൻ ശീലിച്ച ആധുനികരിൽ നിന്നും മധ്യകാല സമൂഹം വ്യതിരിക്തമായി നിലകൊള്ളുന്നു.

‘ഉടലുള്ളവർക്കു പശിക്കും
ഉടലുള്ളവർ നുണകൾ പറയും
ഉടലുള്ളോനെന്നോതിയെന്നെ-
പ്പരിഹസിക്കേണ്ട, കുന്തേണ്ടാ.’

ഉടലും രൂപവും പരസ്പര പൂരകങ്ങളാണ്. പണിതില്ലെങ്കിൽ വീടിനകത്താവില്ലാ സ്ഥലം. കണ്ണുകൾ കൊണ്ട് കണ്ടില്ലെങ്കിൽ മനസ്സിൽ രൂപം തെളിഞ്ഞുവരില്ല. അപരനിൽ എത്തിച്ചേരണമെങ്കിൽ വഴി വേണം. കാറ്റില്ലാതെ തീയ്യിന് ചലിക്കാനാവില്ല. അതുപോലെ കാറ്റിനു തീയ്യില്ലാതെ കത്തുവാനുമാകില്ല.

‘അറിവും പ്രവൃത്തിയു-
മിങ്ങിനെ, അറിവതാർ.’

സ്ത്രീ-പുരുഷ ഉടലുകൾ തമ്മിലുള്ള വ്യത്യാസം ഭൌതിക/ശാരീരിക തലത്തിൽ മാത്രമാണെന്ന തിരിച്ചറിവ് ദേവര ദാസിമയ്യയുടെ ഒരു സവിശേഷതയാണ്, ഈ വരികൾ വ്യക്തമാക്കുന്നതു പോലെ:

‘മുലകൾ, നീൾമുടിയിവ
വരവുണ്ട്, പെണ്ണെ-
ന്നതിനെ വിളിക്കുന്നു
അവർ, രാമ നാഥാ
ഒരു താടി, മീശയും
വരവെങ്കിൽ ആണെന്നു
പറയുന്നു അതിനെയവർ
ഹേ രാമനാഥാ
അതിനിടെപ്പാറി
നടക്കുമാത്മാവു പെ-
ണ്ണതുമല്ല, ആണുമ-
ല്ലെൻ രാമനാഥാ!’

ഒരു മുളയുടെ ബിംബമുപയോഗിച്ച് സ്ത്രീ-പുരുഷ ദ്വന്ദങ്ങൾ ഉടലിൽ/ദേഹത്തിൽ മാത്രമെന്നു പറയുന്ന വചനക്കാരൻ ദേഹിയിൽ അവ ഒന്നാണെന്ന് നിരീക്ഷിക്കുന്നു ദേഹിയുടെ ഭാവം ഏകവും അനശ്വരവുമാണെന്ന തിരിച്ചറിവോടേയാണ് വചനങ്ങൾ അവസാനിക്കുന്നത്.

‘ഒരു മുള മുറിക്കുക
രണ്ടാക്കി, മുകൾ വശം
പുരുഷനാക്കുക, താഴെ
യുള്ളതൊരു സ്ത്രീയും
അവ കൂട്ടിയുരസുക
തീ വരും വരെ, പറ-
കതിൽ നിന്നുയർന്ന തീ
സ്ത്രീയോ പുരുഷനോ?
ഹേ രാമനാഥാ!’

കവി സച്ചിദാനന്ദന്റെ പക്വമായ തർജ്ജമയ്ക്ക് ദൃശ്യചാരുത നൽകുന്ന കലിഗ്രഫിയോടെ വായനക്കാരിലേക്ക് ഈ വചനാനുഭവം എത്തിക്കുന്നത് സായാഹ്നയാണ്. എല്ലാവരും അഭിനന്ദനമർഹിക്കുന്നു.

**ഹബീബ്, എം. എച്ച്.:** ഭാരതീയമായ സകലതും വർഗ്ഗീയ ഫാസിസ്റ്റുകൾ വ്യാഖ്യാനിച്ച് സ്ഥാപിച്ചെടുക്കുകയും, അക്കാഡമീഷ്യന്മാർ സായിപ്പിന് സ്വീകാര്യമായ രീതിയിൽ ചരിത്രം ക്രമപ്പെടുത്തുകയും, മാർക്സിന്റെ ഭൂതാവിഷ്ടർ തളച്ച കുററിയിൽ തന്നെ വട്ടം കറങ്ങി വീണ്ടും വീണ്ടും മാർക്സിനേയും ഏംഗൽസിനേയും ‘പുതുതായി’ കണ്ടെത്തുകയും ചെയ്യുന്ന ഈ കെട്ട കാലത്ത് സായാഹ്ന അല്ലമാപ്രഭുവിനേയും ബസവണ്ണയേയും അക്കാമഹാ ദേവിയേയും ദേവരദാസിമയ്യയുടേയും കവിതകൾ പരിജയപ്പെടുത്തുമ്പോൾ ഹൃദയത്തിൽ വിമോചനത്തിന്റെ നേർത്ത പ്രത്യാശ മുളപൊട്ടുന്നു.

ഇന്ത്യയിൽ സംഭവിച്ച് കൊണ്ടിരിക്കുന്ന ഭീകരാവസ്ഥയുടെ പ്രാഗ് രൂപങ്ങളെ രാജ്യം അതിജീവിച്ചതിന്റെ ബാക്കിപത്രമാണ് ഈ കവിതകളിലൂടെ വായിച്ചത്.

നമ്മുടെ പാരമ്പര്യം എന്താണെന്ന് നമുക്കറിയേണ്ടതുണ്ട്.

ഇന്ത്യ അതിജീവിച്ച നാളുകളിൽ ശൈവിസം എങ്ങിനെയാണ് പ്രവർത്തിച്ചതെന്ന് നമുക്കറിയണം. കൽബർഗിയുടെ ചോരയോടുള്ള കടപ്പാടിന്റെ പേരിൽ.

**Sanal Mohan:** Please do not try to reinvent the wheel. There are many India scholars who have studied vachana literature. It is too immature to find fault with Indian historians Who studied Indian pasts. None of that was for a western audience. If the scholars in the West appreciate such research, I guess it is okay. The networks such Bhakti in which there are mostly Western scholars, is a case in point.

**അല്ലക്ക അബ്ദുൽ ഗഫൂർ:** ഹബീബേ, കവികൾ ചെയ്യുന്നത് ഒരു സാമൂഹിക നവീകരണമാണ്. നമ്മളതിൽ മറ്റ് താല്പര്യങ്ങൾ ആരോപിക്കുന്നത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം.

**K. Satchidanandan:** The wheel, the wheel… where is it? Sadly we need to reinvent it along with many other things in times like this when we are back in the stone-age.

## മധുസൂദനൻ:ഒ. വി. വിജയന്റെ സ്റ്റുഡിയോ

**റാണി ജോസഫ്:** ശ്രീ മധുസൂദനൻ എഴുതിയ ഒ. വി. വിജയന്റെ സ്റ്റുഡിയോ നല്ല വായനാനുഭവമായി. ഒപ്പം ദൃശ്യാനുഭവവും. ഇത്തവണ നാട്ടിലെത്തിയപ്പോൾ ക്വാറന്റീൻ ശേഷം കിട്ടിയ വിലപ്പെട്ട ഒരനുഭവമായിരുന്നു അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിക്കാനും സ്റ്റുഡിയോ കാണാനും കഴിഞ്ഞത്. ഒരു കലാകാരന്റെ കയ്യൊപ്പ് ആ വീട്ടിലും പെരുമാറ്റത്തിലും തെളിഞ്ഞു നിൽക്കുന്നു.

**കൽപറ്റ നാരായണൻ:** മധുസൂദനന്റെ വിജയൻ എഴുത്ത് ഗംഭീരമായി.

## ദുർഗ്ഗാപ്രസാദ് ബുധന്നൂർ: ചോരുന്ന കുടയുള്ള കുട്ടി

**പ്രിയ ഉണ്ണികൃഷ്ണൻ:** മനോഹരമായ കവിതകൾ! അറ്റം, അനാഥം കൂടുതൽ ഇഷ്ടപ്പെട്ടു. ഭാവുകങ്ങൾ.

**അരുൺ രാജാ:** എന്തൊരു ഭംഗി. മനോഹരമായ ലേ-ഔട്ട്. കവിതകളെ ചേതോഹരമാക്കുന്ന ഇല്ലസ്ട്രേഷൻ.

(ഡിസംബർ 6 മുതൽ 12 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.